പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3835 19/03/2018-ൽ മറുപടിക്ക്

## എൽ.പി, യു.പി ക്ലാസുകളിൽ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക യോഗ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുൽ ഹമീദ്. പി: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം എൽ.പി, യു.പി ക്ലാസുകളിൽ പഠിപ്പിക്കുന്നതിനുള്ള പ്രത്യേക യോഗ്യതകൾ കേരളത്തിലെ എൽ.പി, യു.പി അദ്ധ്യാപകർക്കുണ്ടോയെന്ന് പരിശോധിക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത യോഗ്യതകൾ കേരളത്തിലും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009 -ൽ എൽ.പി, യു.പി സ്കൂളുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതകൾ പരാമർശിച്ചിട്ടില്ല. എന്നാൽ നിയമത്തിലെ സെക്ഷൻ 23-ൽ പ്രസ്തുത യോഗ്യതകൾ നിശ്ചയിക്കാൻ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനെ (എൻ.സി.റ്റി.ഇ) ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെ യോഗ്യതകളെ സംബന്ധിച്ച കാര്യത്തിൽ കേരളത്തിൽ നിലവിലുള്ള വ്യവസ്ഥകൾ കുറ്റമറ്റതാണ്. എന്നാൽ അദ്ധ്യാപക യോഗ്യതകളെ സംബന്ധിച്ച നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ മാനദണ്ഡങ്ങൾ കേരളത്തിലും പ്രാവർത്തികമാക്കുന്ന കാര്യം സർക്കാർ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഇനിയും കേരളത്തിൽ നടപ്പിലാക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?. | (ബി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശ നിയമം 2009 കേരളത്തിൽ നടപ്പാക്കുന്നതിനായി 06/05/2011 പ്രാബല്യത്തിൽ 30/04/2011 ലെ ജി.ഒ (പി) നം. 100/2011/പൊ.വി.വ പ്രകാരം ചട്ടങ്ങൾ രൂപവത്കരിച്ചിട്ടുണ്ട്. ഇതോടെ കേന്ദ്ര നിയമം കേരളത്തിൽ നടപ്പായിട്ടുണ്ട്. എന്നാൽ ഇത് പൂർണതയിലെത്തിയെന്നു പറയാനാകില്ല. നിയമം സംസ്ഥാനത്ത് പൂർണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ. എം.എ ഖാദർ (എസ്.സി.ഇ.ആർ.റ്റി മുൻ ഡയറക്ടർ), |

ശ്രീ. ജ്യോതിചൂഡൻ (റിട്ട സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്) ഡോ.സി. രാമകൃഷ്ണൻ എന്നിവരടങ്ങുന്ന ഒരു വിദഗ്ധ സമിതി രൂപവത്കരിച്ചിട്ടുണ്ട്. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ